A

शिक्षा का अधिकार
सर्व शिक्षा अभियान
सब पढ़ें सब बढ़ें

GI-201

# ഒന്നാം പാദവാർഷിക മൂല്യനിർണയം 2016–17

## ഉദ്ഗ്രഥനം - ഒന്നാം ദിവസം

സ്റ്റാൻഡേർഡ്: II **അധ്യാപകർക്കുള്ള നിർദേശങ്ങൾ**

---

### പൊതുനിർദേശങ്ങൾ

- മൂന്ന് ദിവസങ്ങളിലേക്കായി മൂല്യനിർണയേതര പ്രവർത്തനങ്ങളടക്കം 15 പ്രവർത്തനങ്ങളാണ് തയ്യാറാക്കിയിരിക്കുന്നത്.
- പ്രവർത്തനങ്ങൾക്ക് മുമ്പായി ആഖ്യാനം വായിച്ച് സ്വാംശീകരിച്ച് ഭാവം ഉൾക്കൊണ്ട് അവതരിപ്പിക്കണം.
- ഓരോ പ്രവർത്തനവും മൂല്യനിർണയം ചെയ്ത് ഗ്രേഡ് കോളത്തിൽ രേഖപ്പെടുത്തണം.
- മുഴുവൻ പ്രവർത്തനങ്ങളും പൂർത്തിയാക്കിയ ശേഷം ഗ്രേഡ് ചെയ്ത വർക്ക്ഷീറ്റുകളും പഠന നിലവാരരേഖയും ചേർത്തുവച്ച് കുട്ടികൾക്ക് നൽകണം.

---

*കഴിഞ്ഞ മഴക്കാലത്താണ് നന്ദുവിന്റെ വീട് തകർന്നത്. പാവം നന്ദു! വീടില്ലാതെ ഒരുപാട് കഷ്ടപ്പെടുന്നു. എങ്ങനെയും നന്ദുവിന് ഒരു നല്ല വീട് ഉണ്ടാക്കിക്കൊടുക്കണം. കൂട്ടുകാരെല്ലാവരും തീരുമാനിച്ചു. അവർ നല്ലവരായ നാട്ടുകാരെ കണ്ടു. അധ്യാപകരും കൂടെ നിന്നു. ആ ശ്രമം വിജയിച്ചു. നന്ദുവിന്റെ വീടുപണി ആരംഭിച്ചു. എല്ലാവർക്കും അത് ഒരു ഉത്സവമായിരുന്നു. അഭിനന്ദും കൂട്ടുകാരും രാവിലെ തന്നെ പണിസ്ഥലത്തെത്തി. എത്ര പണിക്കാരാണവിടെ! ഒരു കൂട്ടർ പുര പണിയാനുള്ള സാധനങ്ങൾ കൊണ്ടുവരുന്നു. മറ്റു ചിലർ സഹായികളാണ്. ഒരേ സമയം പല പണികൾ. തറയും ഭിത്തിയുമെല്ലാം എത്ര വേഗത്തിലാണ് പണിയുന്നത്! മരപ്പണിക്കാരുടെ അടുത്തും അവർ പോയി. കുറേ നേരം അതു നോക്കി നിന്നു. അളക്കലും മുറിക്കലും ചെത്തലും മിനുക്കലും... നല്ല രസമുണ്ട് കാണാൻ. അഭിനന്ദ് വീട്ടിലെത്താൻ വൈകി. അമ്മ വാതിൽക്കൽ കാത്തു നിൽപ്പുണ്ട്.*

അഭിനന്ദ് : അമ്മേ, നന്ദുവിന്റെ വീടുപണി തുടങ്ങി.

അമ്മ : അതെയോ? നന്നായി.

അഭിനന്ദ് : രണ്ട് മൂന്ന് ദിവസംകൊണ്ട് തീരുമെന്നാ തോന്നുന്നത്.

അമ്മ : അതെങ്ങനാ മോനേ? മൂന്ന് ദിവസം കൊണ്ട് വീട് തീരുമോ?

*അഭിനന്ദ് അമ്മയോട് അവിടുത്തെ പണിക്കാരെയും പണികളെയും കുറിച്ച് വിശദീകരിച്ചു. അമ്മയും അഭിനന്ദും തമ്മിൽ തുടർന്ന് എന്തൊക്കെ പറഞ്ഞിരിക്കും?*

### പ്രവർത്തനം 1 - സംഭാഷണം പൂർത്തിയാക്കാം

പഠനനേട്ടം : സ്വാഭാവിക സന്ദർഭങ്ങളിൽ ആശയത്തുടർച്ചയോടെ സംഭാഷണം എഴുതുന്നു.

സൂചകങ്ങൾ : 1. സന്ദർഭം / ആവശ്യം കണക്കിലെടുത്ത് ആശയപൂർണതയോടെ

രചന നടത്തിയിട്ടുണ്ട്. (2)

2. ആശയങ്ങളുടെ പരസ്പരബന്ധവും തുടർച്ചയുമുണ്ട്. (1)

3. വർത്തമാനം പറയുന്ന രീതിയോട് നീതി പുലർത്തുന്നതരത്തിലാണ് ഭാഷ. (1)

4. തെറ്റില്ലാത്ത ഭാഷയിൽ എഴുതിയിട്ടുണ്ട്. (വാക്യങ്ങളിൽ വാക്കുകൾ ആവർത്തിച്ചിട്ടില്ല, വാക്കുകൾ തമ്മിൽ അകലം പാലിച്ചിട്ടുണ്ട്, അക്ഷരങ്ങൾ മാറിപ്പോയിട്ടില്ല, ചിഹ്നങ്ങൾ ശരിയായി ഉപയോഗിച്ചിട്ടുണ്ട്.) (1)

*അഭിനന്ദും കൂട്ടുകാരും അടുത്ത ദിവസവും പണിസ്ഥലത്തെത്തി. വീടു പണിക്ക് നേതൃത്വം നൽകുന്ന മാമന്റെ കൈയിൽ ഒരു പടം. വീട് പണിയും മുമ്പ് വരയ്ക്കുന്നതാണത്രേ! അവർ ആ ചിത്രം നോക്കി. മുറികളും വാതിലുകളും ജനാലകളും ഇടനാഴിയും അതിലുണ്ട്. അഭിനന്ദിനും കൂട്ടുകാർക്കും സംശയമായി.*

1. എന്തിനാണിത്രയും മുറികൾ?
2. ഇത്രയും വാതിലുകളുടെ ആവശ്യമെന്ത്?
3. ലൈറ്റിട്ടാൽ പോരെ, ജനാലകൾ വേണോ?

- ഇനിയും കുറേ കാര്യങ്ങൾ കൂടി ചേർന്നാലല്ലേ വീടാകൂ?

ഈ സംശയങ്ങൾക്ക് മറുപടി നൽകാമോ?

## പ്രവർത്തനം 2 - വീടിന്റെ സവിശേഷതകൾ

പഠനനേട്ടം : **വീടിന്റെ വിവിധ ഭാഗങ്ങൾ, അവയുടെ ഉപയോഗം എന്നിവ തിരിച്ചറിയുന്നു. ആരോഗ്യകരമായ വീടിന്റെ പ്രത്യേകതകൾ തിരിച്ചറിയുന്നു.**

സൂചകങ്ങൾ :

1. വിവിധ ആവശ്യങ്ങൾക്കായി വിവിധ മുറികൾ വേണം എന്ന് തിരിച്ചറിഞ്ഞിട്ടുണ്ട്. (1)
2. വാതിലുകളുടെയും ജനലുകളുടെയും ആവശ്യകത തിരിച്ചറിഞ്ഞിട്ടുണ്ട് (2)
3. ആരോഗ്യകരമായ വീടിന്റെ സവിശേഷതകൾ എഴുതിയിട്ടുണ്ട്.

(വീടിന് ഉറപ്പുള്ള തറ, ഭിത്തി, മേൽക്കൂര ഇവ വേണം.) (2)

*നേരം നാലുമണിയോടടുക്കുന്നു. വീടു പണിക്കാർക്ക് ചായയും പലഹാരവും നൽകണം. നന്ദുവും അഭിനന്ദും പലഹാരം വാങ്ങാൻ കടയിലേയ്ക്കുപോയി. "ഉഴുന്നുവട വാങ്ങണേ..." വേലുച്ചേട്ടൻ വിളിച്ചു പറഞ്ഞു. "എനിക്ക് പരിപ്പുവട മതി" കേശുച്ചേട്ടൻ പറഞ്ഞു. "ശരി... ശരി... ഉഴുന്നുവടയും പരിപ്പുവടയും വാങ്ങാം." നന്ദു പറഞ്ഞു. നന്ദുവും അഭിനന്ദും കടയിലെത്തി. 24 രൂപയ്ക്ക് ഉഴുന്നുവടയും 72 രൂപയ്ക്ക് പരിപ്പുവടയും വാങ്ങി. നന്ദു കടക്കാരന് എത്ര രൂപ കൊടുക്കണം?*

## പ്രവർത്തനം 3 - സങ്കലനം

പഠനനേട്ടം : **സങ്കലനക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നു.**

സൂചകങ്ങൾ :
1. അനുയോജ്യമായ ക്രിയ തെരഞ്ഞെടുത്തിട്ടുണ്ട്. (1)
2. ഉചിതമായ ചിഹ്നം ഉപയോഗിച്ചിട്ടുണ്ട്. (1)
3. ശരിയായ ഉത്തരത്തിൽ എത്തിയിട്ടുണ്ട്. (3)

*പലഹാരവും വാങ്ങി അഭിനന്ദും നന്ദുവും തിരിച്ചെത്തി. പണിക്കാർക്ക് കൊടുത്തു.നന്ദുവിനോട് യാത്ര പറഞ്ഞ് അഭിനന്ദ് വീട്ടിലേയ്ക്ക് തിരിച്ചു.അഭിനന്ദ് വീട്ടിലെത്തി. അകത്താരോ സംസാരിക്കുന്നു. ശബ്ദം കേട്ടപ്പോൾത്തന്നെ അവന് ആളെ മനസ്സിലായി. അവൻ സന്തോഷംകൊണ്ട് തുള്ളിച്ചാടി അകത്തേയ്ക്ക് ഓടിക്കയറി.*

*ആരായിരിക്കും വന്നിട്ടുണ്ടാവുക?*

*“മുത്തശ്ശീ.....”*

*“ചക്കരക്കുട്ടാ.......”*

*അവൻ മുത്തശ്ശിയെ കെട്ടിപ്പിടിച്ചു. മുത്തശ്ശി അവനെ തുരുതുരെ ഉമ്മവച്ചു. വൈകുന്നേരം അവനെ മടിയിൽ കിടത്തി മുത്തശ്ശി കഥപറയാനാരംഭിച്ചു.*

*പുഴയുടെ തീരത്ത് ഒരു മരം. ഒരു വലിയ മരം. മരത്തിന്റെ ഉയർന്ന കൊമ്പിൽ ഒരു കുഞ്ഞു കൂട്. മിന്നുവിന്റെ വീടാണത്. ചരിൽ... ചരിൽ... ചരിൽ... ചരിൽ... എന്ന് ഇടയ്ക്കിടെ മിന്നു ശബ്ദമുണ്ടാക്കും.*

*ഒരു ദിവസം ഒത്തിരി അണ്ണാറക്കണ്ണന്മാർ ആ മരച്ചില്ലയിലേയ്ക്കു വന്നു. ഓരോരുത്തരും പലതരം പഴങ്ങളും കായ്കളുമായാണ് വന്നത്. എന്തിനാണെന്നോ അവർ വന്നത്? മിന്നുവിന്റെ വീട്ടിൽ ഒരു വിശേഷമുണ്ടായി. മിന്നുവിന് ഒരു കുഞ്ഞു പിറന്നു.*

*കൊച്ചുകണ്ണുകൾ. ചെറിയ കൈകാലുകൾ. കുഞ്ഞണ്ണാനെ കാണാനാണ് മറ്റുള്ളവർ വന്നത്. മരത്തിന്റെ ചുവട്ടിലൂടെ ഒരു പുഴ ഒഴുകുന്നുണ്ട്. കണ്ണാടിപോലെ തെളിഞ്ഞവെള്ളം. അതിൽ പലതരം ജീവികളുണ്ട്. പുഴ കടന്നും കുഞ്ഞിനെ കാണാൻ മിന്നുവിന്റെ കൂട്ടുകാരെത്തി. പിറ്റേ ദിവസം വളരെ ശക്തിയായി കാറ്റടിച്ചു. മരങ്ങളാകെ ആടിയുലഞ്ഞു. കാറ്റിന്റെ ശക്തി കൂടിക്കൂടി വന്നു. മിന്നുവിന്റെ കൂടുള്ള ചില്ല കാറ്റിലടർന്നു താഴേയ്ക്കു വീണു.*

*കാറ്റിൽ ആ കൂട് പറന്നുപോയി. അതിലാണ് ഓമനത്തമുള്ള ആ കുഞ്ഞുള്ളത്.*

*മിന്നു അതുകണ്ട് നിലവിളിച്ചു.*

........................................................................................................................

........................................................................................................................

*മിന്നു സന്തോഷം കൊണ്ട് ചിലച്ചു. ചരിൽ...ചരിൽ....ചരിൽ...ചരിൽ....*

*കൂട്ടുകാരെല്ലാം ഒത്തുചിലച്ചു. ചരിൽ...ചരിൽ....ചരിൽ...ചരിൽ....*

*കഥപൂർത്തിയാക്കി എഴുതൂ...*

*(കഥയ്ക്ക് ഉചിതമായ തലക്കെട്ട് നൽകാൻ നിർദ്ദേശിക്കണം)*

**പ്രവർത്തനം 4 - കഥ പൂർത്തിയാക്കാം**

**പഠനനേട്ടം : കഥാസന്ദർഭം വികസിപ്പിച്ച് കഥയുടെ തുടർച്ച കഥാംശം ചോർന്നുപോ കാതെ എഴുതുന്നു.**

സൂചകങ്ങൾ :

1. അനുയോജ്യമായ തലക്കെട്ട് നൽകിയിട്ടുണ്ട്. (1)
2. ഭാവനാപൂർണമായി കഥ വികസിപ്പിച്ചിട്ടുണ്ട്.

   (കഥയുടെ തുടർച്ച, വികാസം, കഥാന്ത്യം ഇവ പരിഗണിച്ച്) (3)
3. പ്രയോഗങ്ങൾ, വിശേഷണങ്ങൾ എന്നിവ അനുയോജ്യമായ രീതിയിൽ പ്രയോജനപ്പെടുത്തിയിട്ടുണ്ട്. (1)

*കഥ കേട്ട് അഭിനന്ദ് ഉറങ്ങാൻ കിടന്നു. അപ്പോഴും അവന്റെ ചിന്ത നന്ദുവിന്റെ വീടിനെ കുറിച്ചാ യിരുന്നു. "എത്ര മനോഹരമായ വീട്! ചായം പൂശി ഭംഗിയാക്കിയിരിക്കുന്നു. ഹായ്!" അവന് ഉറക്കത്തിൽ പിറുപിറുത്തു.*

*അഭിനന്ദ് സ്വപ്നത്തിൽ കണ്ട നന്ദുവിന്റെ വീടിന് നിറം നൽകി ഭംഗിയാക്കൂ.*

**പ്രവർത്തനം 5 - നിറം നൽകൂ... ഭംഗിയാക്കൂ... (മൂല്യനിർണയേതരം)**